"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ഹാപ്പിനെസ് ഫെസ്റ്റിവലിനോടനുബന്ധിച്ച് സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം സാംസ്കാരിക വ്യാപനം പദ്ധതി ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.368/2025/CLAD തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:- 1. സ.ഉ (സാധാ) നം.263/2025/സാം.കാ.വ തീയതി 15.05.20252

2. തളിപ്പറമ്പ് എം.എൽ.എ ശ്രീ.എം.വി ഗോവിന്ദൻ മാസ്റ്റർ ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിക്ക് 23/04/2025-ൽ സമർപ്പിച്ച കത്ത്.

**ഉത്തരവ്**

2025 നവംബർ മാസം മുതൽ 2026 ഫെബ്രുവരി മാസം വരെ നീണ്ടുനിൽക്കുന്ന ഹാപ്പിനെസ്സ് ഫെസ്റ്റിവലിനോടനുബന്ധിച്ച് വിവിധങ്ങളായ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് സാംസ്കാരിക വ്യാപനം പദ്ധതിയിലുൾപ്പെടുത്തി സഹായം അനുവദിക്കണമെന്ന് തളിപ്പറമ്പ് എം.എൽ.എ ശ്രീ.എം.വി ഗോവിന്ദൻ മാസ്റ്റർ പരാമർശം (2) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹാപ്പിനെസ്സ് ഫെസ്റ്റിവലിനോടനുബന്ധിച്ച് സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ കേരള സംസ്കാരത്തിന്റെ വ്യാപനം 2205-00-102-18(പ്ലാൻ) പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള പദ്ധതി ഘടകത്തിൽ നിന്ന് 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഹാപ്പിനെസ്സ് ഫെസ്റ്റിവൽ സംഘാടക സമിതി ചെയർമാന് അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്ന തുകയുടെ ശരിയായ വിനിയോഗം ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും പരിശോധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

2. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള പ്ലാൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും ഹാപ്പിനെസ്സ് ഫെസ്റ്റിവൽ സംഘാടക സമിതി ചെയർമാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ തുക

കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സർക്കാരിനും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ഹാപ്പിനെസ്സ് ഫെസ്റ്റിവൽ സംഘാടക സമിതി ചെയർമാൻ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്
ചെയർമാൻ/ജനറൽ കൺവീനർ, ഹാപ്പിനെസ്സ് ഫെസ്റ്റിവൽ സംഘാടക സമിതി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (CLAD-C2/113/2025-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Sunitha Sadasivan
Date: 30-06-2025 17:36:32
സെക്ഷൻ ഓഫീസർ

പകർപ്പ്: സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-യ്ക്ക്.